

നാൾവഴികൾ

●

കെ.എം അബ്ദുൽ അഹദ് തങ്ങൾ/സദ്റുദ്ദീൻ വാഴക്കാട്

# അൻസ്വാറുല്ല സംഘവും തെരഞ്ഞെടുപ്പ് നിലപാടും

**ജമാഅത്തെ ഇസ്‌ലാമിയുടെ ആദ്യകാല സാരഥികളിൽ അവശേഷിക്കുന്ന അപൂർവരിൽ ഒരാളാണ് കെ.എം അബ്ദുൽ അഹദ് തങ്ങൾ. ഹാജി സാഹിബ്, കെ.സി അബ്ദുല്ല മൗലവി തുടങ്ങിയവർക്കൊപ്പം പ്രവർത്തിച്ച അദ്ദേഹം, നീണ്ട 58 വർഷമായി ജമാഅത്ത് ആസ്ഥാനത്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ക്ലർക്ക്, ഓഫീസ് സെക്രട്ടറി, കേരള ശൂറാംഗം, ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി, അസിസ്റ്റന്റ് അമീർ തുടങ്ങിയ ചുമതലകൾ നിർവഹിച്ച അബ്ദുൽ അഹദ് തങ്ങൾ ഇപ്പോൾ സംഘടനയുടെ മുഖ്യ ഉപദേഷ്ടാവാണ്. 1951 മുതൽ *പ്രബോധന*ത്തിന്റെ ഓഫീസ് ചുമതലകൾ നിർവഹിച്ചുവന്ന അദ്ദേഹം ഹാജി സാഹിബിന്റെ മരണത്തിനു ശേഷം 1959 മുതൽ *പ്രബോധന*ത്തിന്റെ പ്രിന്ററും പബ്ലിഷറുമായി. ആ ചുമതല ഇപ്പോഴും തങ്ങൾക്കാണ്.**

**കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമി കടന്നുവന്ന 'നാൾവഴികളെ'ക്കുറിച്ച ഓർമകൾ അദ്ദേഹം പങ്കുവെക്കുന്നു.**

**തളിപ്പറമ്പിലെ** അറിയപ്പെടുന്ന 'സയ്യിദ്' കുടുംബത്തിലാണ് ഞാൻ ജനിച്ചത്. അത് എന്റെ ഉമ്മയുടെ നാടാണ്. ഞങ്ങൾ വടക്കേ മലബാറുകാർ മരുമക്കത്തായ സമ്പ്രദായം സ്വീകരിച്ചവരായതിനാൽ ഉമ്മയുടെ വീട്ടിലാണ് താമസിക്കുക. ഉമ്മയുടെ പേര് കുഞ്ഞിബീവി. ഉമ്മയുടെ ഉമ്മ ആഇശ സയ്യിദ് കുടുംബാംഗമായിരുന്നില്ല. കൂത്തുപറമ്പിനടുത്ത അഞ്ചരക്കണ്ടിയിലെ കല്ലായി ശൈഖ് എന്നറിയപ്പെടുന്ന നൂറുദ്ദീൻ ശൈഖിന്റെ മകളായിരുന്നു വല്യുമ്മ.




■ അബ്ദുല്ല മുശയ്യഖ്

ഉപ്പയുടെ സ്വദേശം കോഴിക്കോട് ജില്ലയിലെ അയനിക്കാടാണ്. ഉപ്പ സയ്യിദ് കുടുംബാംഗമായിരുന്നു. ഉപ്പ, സയ്യിദ് അബ്ദുല്ല മുശയ്യഖ്, 'അയനിക്കാട്ട് അബ്ദുല്ലക്കോയ' എന്നാണ് അറിയപ്പെട്ടിരുന്നത്. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ശിഷ്യനായിരുന്നു ഉപ്പ. കെ.എം. മൗലവി, ഖുത്വുബി മുഹമ്മദ് മൗലവി തുടങ്ങിയവർ ഉപ്പയുടെ സഹപാഠികളും സുഹൃത്തുക്കളുമായിരുന്നു. ചാലിലകത്തിന്റെ ശിഷ്യനായതു കാരണം ഉപ്പ പുരോഗമനാശയങ്ങളുള്ള ഒരു മതപണ്ഡിതനായിരുന്നു. ഉപ്പ

യുടെ യഥാർഥ നാട് വടകരയാണ്. മേലടി അയനിക്കാട് പ്രദേശത്ത് തങ്ങന്മാരില്ലാത്തതിനാൽ ഉപ്പാപ്പയെ തങ്ങളായി കൂട്ടിക്കൊണ്ടുവന്നതാണ്. ഒരു തങ്ങളെങ്കിലും നാട്ടിലുണ്ടാകുന്നത് വലിയ ബർക്കത്തായിട്ടാണ് ആളുകൾ മനസ്സിലാക്കിയിരുന്നത്. വടകര-കൊയിലാണ്ടി ഭാഗങ്ങളിലാണ് അന്ന് തങ്ങൾ കുടുംബങ്ങൾ ഉണ്ടായിരുന്നത്. വടകരയിൽനിന്ന് വല്യുപ്പയെ കൂട്ടിക്കൊണ്ടുവന്നതാണ്. അയനിക്കാട്ട് വല്യുപ്പയുടെ മഖ്ബറയുണ്ട്. അവിടെ ആണ്ട് നേർച്ചയും നടന്നിരുന്നു. ഉപ്പയാണ് അത് നിർത്തലാക്കിയത്.

കേരളത്തിൽ പല തങ്ങൾ കുടുംബങ്ങളുമുണ്ട്. ബാഫഖി, ജിഫ്രി, ഹൈദ്രോസ്, മുശയ്യഖ് തുടങ്ങിയവ അവയിൽ ചിലതാണ്. ഞങ്ങളുടേത് 'മുശയ്യഖ്' കുടുംബമാണ്. തങ്ങന്മാർക്ക് കാര്യമായ ജോലികളൊന്നും ഉണ്ടാകില്ല. മന്ത്രിച്ചൂതിയും പിഞ്ഞാണമെഴുതിക്കൊടുത്തും കാലം കഴിക്കും. അതിലൂടെ കിട്ടുന്നതായിരുന്നു വരുമാനം. ഉപ്പയുടെ കുടുംബവുമായി വലിയ ബന്ധമില്ലാതിരുന്നതിനാൽ അവരുടെ സാമ്പത്തികാവസ്ഥകളെക്കുറിച്ചൊന്നും എനിക്കറിയില്ല. ഉപ്പ കച്ചവടം ചെയ്തിരുന്നു. തുണിക്കച്ചവടം ഷെയറടിസ്ഥാനത്തിലാണ് ചെയ്തിരുന്നത്. സാമ്പത്തികശേഷി പൊതുവെ കുറവായിരുന്നുവെന്നാണ് ഓർമ. ഉമ്മയുടെ കുടുംബത്തിന് സാമ്പത്തിക ശേഷി ഉണ്ടായിരുന്നു.

എന്റെ ചെറുപ്പത്തിൽതന്നെ ഉമ്മ മരിച്ചിരുന്നു. ഉമ്മയെ കണ്ട ഓർമയില്ല. ഉമ്മയുടെ വീട്ടിൽ ഞാൻ അഞ്ചു വയസ്സുവരെയാണ് വളർന്നത്. ശേഷം അയനിക്കാട്ടായിരുന്നു താമസം. പെങ്ങളെ വിവാഹം ചെയ്തത് ഉപ്പയുടെ മരുമകൻ തന്നെയായിരുന്നു. പെങ്ങളെ അയനിക്കാട്ടേക്ക് കൊണ്ടുവരുമ്പോൾ അവരുടെ കൂടെ വാശിപിടിച്ച് പോയതാണ് ഞാൻ. അഞ്ചാം വയസ്സിൽ തളിപ്പറമ്പിൽനിന്ന് പോന്ന ഞാൻ പതിനഞ്ചു വയസ്സുവരെ അങ്ങോട്ട് തിരിച്ചു പോയില്ല. മരുമക്കത്തായ സമ്പ്രദായമനുസരിച്ച് തളിപ്പറമ്പിൽ ഉമ്മയുടെ വീട്ടിൽ തന്നെയാണ് ഞാൻ വളർന്നിരുന്നതെങ്കിൽ മറ്റേതോ മേഖലയിലായിരുന്നു എത്തിച്ചേർന്നിട്ടുണ്ടാവുക. മരുമക്കത്തായ സമ്പ്രദായം മുസ്‌ലിംകൾക്കിടയിൽ കാര്യമായി വടക്കേ മലബാറിലാണുള്ളത്. എങ്ങനെയാണിത്



■ എം.വി ദേവൻ

**മതപരവും ലൗകികവുമായ വിദ്യാഭ്യാസം നേടണമെന്ന അഭിപ്രായക്കാരനായിരുന്നു ഉപ്പ. ഇസ്‌ലാഹി ആശയക്കാരനായിരുന്നു അദ്ദേഹം. കോഴിക്കോട് പട്ടാളപ്പള്ളിയിൽ ഖുത്ബ നടത്തിയിരുന്ന അബ്ദുല്ലത്വീഫ് മൗലവി ഉപ്പ മരിച്ചപ്പോൾ പ്രാർഥനയിൽ പറഞ്ഞത് 'നിശ്ശബ്ദ ഇസ്‌ലാഹി പ്രവർത്തകൻ' എന്നായിരുന്നു. ആളുകൾക്ക് തങ്ങന്മാരെ വലിയ പേടിയായിരുന്നു. അവരെ കുറ്റം പറയാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല.**



■ അബ്ദുല്ലത്വീഫ് മൗലവി

**ഭാരിച്ച ഉത്തരവാദിത്വമാണ് എനിക്ക് മദീനത്തിൽ ഉണ്ടായിരുന്നത്. ഖുർആനും ഹദീസും നഹ്‌വുമെല്ലാം സ്വയം പഠിക്കണം. കുട്ടികളെ പഠിപ്പിക്കാനുള്ള വിഷയങ്ങൾ റഫർ ചെയ്ത് തയാറെടുക്കണം. പിന്നെ കണക്കുകൾ എഴുതണം. ഇതെല്ലാം കഴിഞ്ഞ് ഉറങ്ങാൻ കിടക്കുമ്പോൾ രാത്രി പന്ത്രണ്ട് മണിയാകും. അങ്ങനെ അധ്യാപക വിദ്യാർഥിയായി രണ്ട് വർഷം ഞാൻ പുളിക്കൽ മദീനത്തുൽ ഉലൂമിൽ കഴിഞ്ഞു.**

മുസ്‌ലിംകളിൽ പ്രചരിച്ചതെന്നറിയില്ല. എന്റെ അഭിപ്രായത്തിൽ അതിന് ഗുണവും ദോഷവുമുണ്ട്. പുയ്യാപ്ലമാർ ഭാര്യാ വീട്ടിലായിരിക്കും താമസിക്കുകയെങ്കിലും അവർക്കവിടെ അധികാരമോ കാര്യമായ സ്വാധീനമോ ഉണ്ടാവുകയില്ല. കുടുംബത്തിന്റെ നിയന്ത്രണം ഏറക്കുറെ കാരണവന്മാർ എന്നറിയപ്പെടുന്ന അമ്മാവന്മാർക്കായിരിക്കും. അതിനൊരു ഗുണവശമുണ്ട്. കുടുംബത്തിന് കെട്ടുറപ്പു കൂടും. കാര്യങ്ങൾ നിയന്ത്രിക്കാനും തീരുമാനിക്കാനുമുള്ള അധികാര കേന്ദ്രങ്ങളായി കാരണവന്മാരുണ്ടാകുന്നത് കുടുംബത്തിന്റെ ഭദ്രതക്ക് സഹായകമാണ്. എന്നാൽ അതിന്റെ പ്രധാനപ്പെട്ട ഒരു ദോഷം, മരുമക്കത്തായം ഇസ്‌ലാമികമല്ല എന്നുള്ളതാണ്. പ്രത്യേകിച്ചും, അനന്തര സ്വത്ത് ഓഹരി വെക്കുന്നതിലെ മരുമക്കത്തായ രീതി ഇസ്‌ലാമിക അധ്യാപനങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. ഇപ്പോൾ മുസ്‌ലിംകൾക്കിടയിൽ അനന്തര സ്വത്തിന്റെ കാര്യത്തിൽ മരുമക്കത്തായം പിന്തുടരുന്ന രീതിയില്ല എന്നാണ് തോന്നുന്നത്. ഏതായിരുന്നാലും മരുമക്കത്തായ രീതിയിൽനിന്ന് മാറിയാണ് ഞാൻ വളർന്നത്.

തളിപ്പറമ്പ് ഭാഗത്തുള്ള തങ്ങന്മാരൊന്നും സ്‌കൂളുകളിൽ പോകാറുണ്ടായിരുന്നില്ല. പള്ളിദർസുകളിൽ ഓതുകയായിരുന്നു പതിവ്. പക്ഷേ ഉപ്പ, മതപരവും ലൗകികവുമായ വിദ്യാഭ്യാസം നേടണമെന്ന അഭിപ്രായക്കാരനായിരുന്നു. ഇസ്‌ലാഹി ആശയക്കാരനായിരുന്നു അദ്ദേഹം. കോഴിക്കോട് പട്ടാളപ്പള്ളിയിൽ ഖുത്വ്ബ നടത്തിയിരുന്ന അബ്ദുല്ലത്വീഫ് മൗലവി ഉപ്പ മരിച്ചപ്പോൾ പ്രാർഥനയിൽ പറഞ്ഞത് 'നിശ്ശബ്ദ ഇസ്‌ലാഹി പ്രവർത്തകൻ' എന്നായിരുന്നു. ആളുകൾക്ക് തങ്ങന്മാരെ വലിയ പേടിയായിരുന്നു. അവരെ കുറ്റംപറയാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. അതുകൊണ്ട് ഇസ്‌ലാഹി ആശയക്കാരനായിരുന്നിട്ടും ഉപ്പക്ക് കാര്യമായ എതിർപ്പൊന്നും നേരിടേണ്ടിവന്നില്ല. ഇപ്പോഴും തങ്ങന്മാരെക്കുറിച്ച് അങ്ങനെ ചില ധാരണകൾ ഉണ്ട്. ജമാഅത്തെ ഇസ്‌ലാമിക്കാരനാണെങ്കിലും എന്നെ ആരും 'മൗദൂദി' എന്ന് വിളിക്കാറുണ്ടായിരുന്നില്ല.

എന്റെ ഉമ്മ മരിച്ചപ്പോൾ, ഉപ്പ രണ്ടാമത് വിവാഹം ചെയ്തത് കൊയിലാണ്ടി ബാഫഖി കുടുംബത്തിൽനിന്നായിരുന്നു. ബാഫഖി തങ്ങളുടെ ജ്യേഷ്ഠൻ മരിച്ചപ്പോൾ വിധവയായിത്തീർന്ന അദ്ദേഹത്തിന്റെ ഭാര്യ മുല്ലബിയെ ഉപ്പ വിവാഹം ചെയ്യു

കയായിരുന്നു. അതിൽ ഒരു മകനുണ്ട്. അഹ്മദ് അബ്ദുൽ ഖാദിർ. അവരിപ്പോൾ മാഹിയിലാണ് താമസിക്കുന്നത്.

## വിദ്യാഭ്യാസം

തങ്ങൾകുടുംബത്തിൽപെട്ടവർക്ക് പൊതുവിദ്യാഭ്യാസം നേടുന്ന പതിവുണ്ടായിരുന്നില്ല. ആൺകുട്ടികൾ ദീൻ പഠിക്കാൻ പള്ളിദർസിൽ പോകും. പെൺകുട്ടികൾ ഒട്ടും പഠിക്കാറുണ്ടായിരുന്നില്ല. അറബിമലയാളവും ഖുർആൻ ഓത്തും വീട്ടിൽവെച്ച് പഠിക്കും. പക്ഷേ ഉപ്പ എന്റെ പെങ്ങളെ മലയാളം എഴുതാൻ പഠിപ്പിക്കുകയുണ്ടായി. 'ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെ'ന്ന് അന്ന് വിശ്വസിച്ചിരുന്നു.

ഞാൻ ചെറുപ്പത്തിൽ പഠിക്കാൻ വലിയ മിടുക്കനൊന്നുമായിരുന്നില്ല. വീടിന്റെ തൊട്ടടുത്തുള്ള സ്കൂളിലാണ് ഉപ്പ എന്നെ ചേർത്തത്. 'സഹോദരൻ മുക്രി'യെന്ന് വിളിച്ചിരുന്ന ഒരു അധ്യാപകനുണ്ടായിരുന്നു സ്കൂളിൽ. അദ്ദേഹം ഉപ്പയുടെ സുഹൃത്തും പുരോഗമന ആശയക്കാരനുമായിരുന്നു. ആദ്യമായി ബോർഡിൽ 'റ' എന്ന് എഴുതിക്കാണിച്ച് അതെന്താണെന്ന് എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: 'തേങ്ങാ പൂൾ'. അത് 'റ' എന്ന അക്ഷരമാണെന്ന് അധ്യാപകൻ എന്നെ തിരുത്തി. ആ സ്കൂളിൽ അധികകാലമൊന്നും ഞാൻ തുടർന്നില്ല. പെട്ടെന്നുതന്നെ അയനിക്കാട്ടേക്ക് മടങ്ങി. അവിടെ എലമന്ററി സ്കൂളിൽ രണ്ടാം ക്ലാസ് വരെ പഠിച്ചു. ഉമ്മയില്ലാത്തതിനാൽ എന്റെ പഠനകാര്യങ്ങൾ മറ്റുള്ളവരാരും ശ്രദ്ധിച്ചിരുന്നില്ല. എനിക്കാകട്ടെ പഠിക്കാൻ താൽപര്യവുമുണ്ടായിരുന്നില്ല.

അക്കാലത്ത് സ്കൂളുകളിൽതന്നെ മതവിഷയങ്ങൾ പഠിപ്പിക്കാനുള്ള സംവിധാനം ഉണ്ടായിരുന്നു. കീഴുപറമ്പുകാരനായ ഒരു അധ്യാപകനാണ് ഖുർആൻ പഠിപ്പിച്ചിരുന്നത്. 'ലവകുട്ടി മൊല്ലാക്ക'എന്നായിരുന്നു പേര്. ഞങ്ങളുടെ വീട്ടിലാണ് അദ്ദേഹം താമസിച്ചിരുന്നത്. ലവകുട്ടി മൊല്ലാക്ക കീഴുപറമ്പുകാരനാണെന്ന് എനിക്കറിയുമായിരുന്നില്ല. പിന്നീടൊരിക്കൽ കെ.സി. അബ്ദുല്ല മൗലവിയുടെ കൂടെ കീഴുപറമ്പിൽ ഒരു പരിപാടിക്ക് പോയപ്പോഴാണ് അദ്ദേഹത്തെ കണ്ടതും പരിചയം പുതുക്കിയതും.



■ കെ.സി അലവി മൗലവി

**മദീനത്തുൽ ഉലൂമിൽ ഖുർആൻ പഠിപ്പിച്ചിരുന്നത് കെ.പി മുഹമ്മദ് മൗലവിയായിരുന്നു. ഖുർആനിലെ ഇബാദത്തിന്റെ അർഥവും വിശദീകരണവും ജമാഅത്തെ ഇസ്‌ലാമി പറയുന്നതാണ് ശരിയെന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ജമാഅത്തുമായി എന്നെ അടുപ്പിക്കുന്നതിൽ അദ്ദേഹം വലിയ പങ്കുവഹിച്ചിട്ടുണ്ട്. വളവന്നൂർ അൻസ്വാറുല്ല സംഘത്തിന്റെ പ്രസിഡന്റായിരുന്നു അദ്ദേഹം. 'അൻസ്വാറുല്ല സംഘവും തെരഞ്ഞെടുപ്പും' എന്ന പേരിൽ ഒരു ലഘുലേഖ പുറത്തിറക്കിയിരുന്നു.**

ഇസ്‌ലാഹി പ്രവർത്തകർ പല സ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിയിരുന്നു. മത–ഭൗതികവിഷയങ്ങൾ അവിടെ പഠിപ്പിച്ചിരുന്നു. പേരാമ്പ്ര എളമ്പിലാട്ടുണ്ടായിരുന്ന സ്കൂൾ അതിലൊന്നായിരുന്നു. അവിടെയാണ് പിന്നീട് ഞാൻ പഠിച്ചത്. ആ സ്കൂളിൽ കുറച്ചുകാലം പോയി. പിന്നീട് അതും നിർത്തി. ശേഷം വടകരയിലെ മനാറുൽ ഉലൂം സ്കൂളിൽ ചേർന്നു. കെ.കെ. ജമാലുദ്ദീൻ മൗലവി, അബ്ദുർറശീദ് തുടങ്ങിയവർ അവിടെ അധ്യാപകരായിരുന്നു. അബ്ദുർറശീദ് മികച്ച അറബി സാഹിത്യകാരനായിരുന്നു. പിന്നീട് ഖാദിയാനിസത്തിൽ ആകൃഷ്ടനായി. ഖാദിയാനിസത്തിൽനിന്ന് തിരിച്ചുവരികയും ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ കോളേജിൽ അധ്യാപകനാവുകയും ചെയ്തിരുന്നു.

ഏകദേശം ഒന്നര വർഷക്കാലം ഞാൻ വടകരയിൽ താമസിച്ചു. അവിടെവെച്ച് എനിക്ക് ടൈഫോയിഡ് പിടിപെട്ടു. പിന്നീട് അങ്ങോട്ട് പോയില്ല. അതിനുശേഷം മാഹിയിലെ 'മദ്‌റസത്തുൽ മയ്യലവിയ്യയിൽ' ചേർന്നു. ഹയർ എലമെന്ററി സ്കൂളായിരുന്നു അത്. ഇന്ന് എം.എം ഹൈസ്കൂളായി അറിയപ്പെടുന്നു. പത്താം ക്ലാസ് വരെ അവിടെയാണ് പഠിച്ചത്. സാഹിത്യകാരൻ എം.വി ദേവൻ അവിടെ എന്റെ സഹപാഠിയായിരുന്നു. ഉപ്പ മുമ്പ് കിതാബോതിയിരുന്ന സ്ഥലമാണ് മാഹി. അവിടെ ധാരാളം പരിചയക്കാരുണ്ടായിരുന്നു. അവരുടെ വീടുകളിലാണ് ഞാൻ താമസിച്ചിരുന്നത്.

മാഹിയിൽ പഠിക്കുന്ന സമയത്ത്, എട്ടാം ക്ലാസ് പഠനം കഴിഞ്ഞ ശേഷം എന്നെ ഏതെങ്കിലും ദീനീസ്ഥാപനത്തിൽ ചേർക്കണം എന്നായിരുന്നു ഉപ്പയുടെ ആഗ്രഹം. അത് പലപ്പോഴും എന്നോട് പറയാറുണ്ടായിരുന്നു. ഉമറാബാദ് ദാറുൽ ഉലൂമിലോ കാസർകോട് ആലിയയിലോ വാഴക്കാട് ദാറുൽ ഉലൂമിലോ ചേർക്കണമെന്നാണ് ഉപ്പ ഉദ്ദേശിച്ചിരുന്നത്. പക്ഷേ, എന്റെ ഉപ്പയുടെ സഹോദരിമാർക്ക് എതിർപ്പായിരുന്നു. ചെറിയ കുട്ടിയായ എന്നെ ദൂരസ്ഥലത്ത് കൊണ്ടുപോയി താമസിപ്പിക്കുന്നത് അവരിഷ്ടപ്പെട്ടില്ല. ഉപ്പ ഒരിക്കൽ സ്കൂളിൽ ടി.സി വാങ്ങാൻ വന്നു. എം.വി ദേവന്റെ ജ്യേഷ്ഠൻ നാരായണൻ അവിടെ ക്ലർക്കും അധ്യാപകനുമായിരുന്നു. ടി.സി ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഉപ്പയെ നിരുത്സാഹപ്പെടുത്തി. 'അവൻ നന്നായി പഠിക്കുന്ന കുട്ടിയാണ്. ഇവിടെത്തന്നെ പഠിപ്പിക്കണം'– അത് കേട്ട് ഉപ്പ തിരിച്ചുപോയി.

## ബ്രണ്ണൻ കോളേജിൽ



■ കെ.പി മുഹമ്മദ് മൗലവി

പത്താം ക്ലാസ് പാസ്സായ ശേഷം തലശ്ശേരി ബ്രണ്ണൻ കോളേജിൽ ഇന്റർമീഡിയറ്റിന് ചേർന്നു. ബ്രണ്ണൻ കോളേജിൽ പഠിക്കുന്ന സമയത്ത് ഞാൻ തലശ്ശേരി യത്തീംഖാനയിലാണ് താമസിച്ചിരുന്നത്. അവിടെയുണ്ടായിരുന്ന കെ.പി.കെ അഹ്മദ് മൗലവിയും ഞാനും അടുത്ത സുഹൃത്തുക്കളായിരുന്നു. അവിടെ വെച്ച് ഖുർആനും ഹദീസും നഹ്‌വും ഉസ്മാൻ സീതിയിൽനിന്ന് പഠിക്കുകയുണ്ടായി. യത്തീംഖാനയുടെ മാനേജർ ആയിരുന്ന അദ്ദേഹവും ഉപ്പയും തമ്മിൽ വലിയ ബന്ധമായിരുന്നു. ഒരു ദിവസം അദ്ദേഹത്തെക്കുറിച്ച് ആരോ ചുമരിൽ ചിലതൊക്കെ എഴുതിവെച്ചു. വികൃതിക്കാരായ ഏതോ കുട്ടികൾ ചെയ്തതാണ്. പക്ഷേ

■ കെ.എൻ ഇബ്‌റാഹീം മൗലവി



ആരോപണം എനിക്കും കെ.പി.കെക്കും എതിരായിരുന്നു. ഞങ്ങളാകട്ടെ നിരപരാധികളും. കെ.പി.കെ സമ്പന്ന കുടുംബത്തിലെ അംഗമായിരുന്നു. ഫീസ് കൊടുത്താണ് പഠിച്ചിരുന്നത്. അതിനാൽ അദ്ദേഹത്തിനെതിരെ നടപടിയെടുക്കാൻ മാനേജർക്ക് ധൈര്യമുണ്ടായിരുന്നില്ല. ശിക്ഷ എനിക്കാണ് കിട്ടിയത്. എന്നെ പുറത്താക്കി. ഉപ്പയറിഞ്ഞാൽ എന്തായിരിക്കും പ്രതികരണം? ഇനി എവിടെ താമസിക്കും? ഞാൻ ചിന്തിച്ചു.

ബ്രണ്ണൻ കോളേജിൽ പഠിച്ചിരുന്ന എന്റെ ചില കൂട്ടുകാർ ഉണ്ടായിരുന്നു. അവരോട് ഞാൻ പ്രശ്നം പറഞ്ഞു. തലശ്ശേരി കോടതിയുടെ അടുത്ത് ഒരു വീട് വാടകക്കെടുത്തായിരുന്നു അവർ താമസിച്ചിരുന്നത്. 'ഈ വർഷം നീ പഠനം പൂർത്തീകരിക്കണം, ഞങ്ങളുടെ കൂടെ താമസിക്കാം, ചെലവൊക്കെ ഞങ്ങൾ വഹിക്കാം.' അവർ എന്റെ രക്ഷക്കെത്തി. അങ്ങനെ അവിടെ താമസിച്ചു.

ഉസ്മാൻ സീതി എന്നെ കുറ്റപ്പെടുത്തിക്കൊണ്ട് കത്തെഴുതി ഉപ്പയെ തെറ്റിദ്ധരിപ്പിച്ചു. അതോടെ ഉപ്പക്ക് വലിയ ദേഷ്യമായി. മൂന്നു മാസം ഒരു ബന്ധവും ഉണ്ടായിരുന്നില്ല. പരീക്ഷ കഴിഞ്ഞപ്പോൾ എല്ലാവരും സ്വന്തം വീടുകളിലേക്ക് പോയി. ഞാൻ മാത്രം ബാക്കി. അവിടത്തെ പള്ളിയിലെ ഇമാം എന്റെ ഒരു ബന്ധുവായിരുന്നു. പക്ഷേ ഞാൻ അദ്ദേഹത്തോടും മറ്റാരോടും ഒന്നും പറഞ്ഞില്ല. കൈയിൽ പണമില്ല. കൂട്ടുകാരെല്ലാം പോയിരിക്കുന്നു. ഒരാഴ്ച ഞാനൊറ്റക്ക് അവിടെ താമസിച്ചു. ഭക്ഷണമില്ല. പച്ച വെള്ളം മാത്രം കുടിച്ച് ജീവിച്ചു. എന്തു ചെയ്യണം എന്ന് കുറേ ആലോചിച്ചു. ഒടുവിൽ തോന്നി, ബാംഗ്ലൂരിലേക്ക് കള്ളവണ്ടി കയറാം. അതിനെക്കുറിച്ചാലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഉപ്പയും തളിപ്പറമ്പുകാരൻ മൊയ്തീൻ കുട്ടി മൗലവിയും വന്നത്. അദ്ദേഹം ബോർഡ് സ്കൂളിലെ ഹെഡ്മാസ്റ്റർ ആയിരുന്നു. ഉപ്പ തലശ്ശേരിയിൽ വന്നപ്പോൾ അദ്ദേഹത്തെ കണ്ടതാണ്. അദ്ദേഹം ഉപ്പയോട് പറഞ്ഞു: 'മാനേജർ പറയുന്നതൊന്നും വിശ്വസിക്കേണ്ട.' മൗലവിയുടെ നിർബന്ധപ്രകാരമാണ് ഉപ്പ എന്റെ അടുത്തുവന്നത്. ഞാൻ ഉപ്പയുടെ കൂടെ വീട്ടിലേക്ക് മടങ്ങി. രണ്ടു വർഷം ബ്രണ്ണൻ കോളേജിൽ പഠിച്ചപ്പോൾ എനിക്ക് തോന്നി, 'ഇതല്ല വേണ്ടത്. ഏതെങ്കിലും ഇസ്‌ലാമിക സ്ഥാപനത്തിൽ പഠിക്കണം'. ഞാൻ ഉപ്പയോട് ആഗ്രഹം പറഞ്ഞു. ഉപ്പയുടെ സുഹൃത്തായിരുന്ന കെ.എം മൗലവിയോട് വിഷയം പറഞ്ഞു. അദ്ദേഹം എന്നെ പുളിക്കൽ മദീനത്തുൽ ഉലൂമിൽ ചേർത്തു. ആദ്യം ചെന്നപ്പോൾ ചേരാനായില്ല. രണ്ടാം തവണയാണ് അഡ്മിഷൻ ലഭിച്ചത്.

## മദീനത്തുൽ ഉലൂമിൽ

എന്നേക്കാൾ ചെറിയ കുട്ടികളായിരുന്നു അവിടെ പഠിച്ചിരുന്നത്. പ്രിൻസിപ്പൽ എം.സി.സി എന്നോട് പറഞ്ഞു: 'നീ വലിയ കുട്ടിയാണ്. അതുകൊണ്ട് ചെറിയവരുടെ കൂടെ ക്ലാസ്സിൽ ഇരിക്കാൻ കഴിയില്ല. നീ കുട്ടികൾക്ക് കണക്കും ഇംഗ്ലീഷും ചരിത്രവും പഠിപ്പിക്കണം. ശേഷിക്കുന്ന സമയം നിനക്ക് ഇസ്‌ലാമികവിഷയങ്ങൾ പഠിക്കുകയും ചെയ്യാം.' തദടിസ്ഥാനത്തിൽ 'അധ്യാപക വിദ്യാർഥി'യായിട്ടാണ് ഞാനവിടെ ജീവിതമാരംഭിച്ചത്. ടി.പി ഹസൻ, എം.സി.സി സഹോദരന്മാർ, കെ.സി അലവി മൗലവി, കെ.പി മുഹമ്മദ് മൗലവി, കെ.എൻ ഇബ്‌റാഹീം മൗലവി, എൻ.കെ അഹ്മദ്

മൗലവി തുടങ്ങിയവർ അവിടെ അധ്യാപകരായിരുന്നു. ടി. ഇസ്ഹാഖലി മൗലവി, ടി.കെ അബ്ദുല്ല സാഹിബ്, കെ. അബ്ദുസ്സലാം മൗലവി, മൂസാ വാണിമേൽ, കെ. പി.കെ. അഹ്മദ് മൗലവി തുടങ്ങിയവർ വിദ്യാർഥികളുടെ കൂട്ടത്തിലുണ്ടായിരുന്നു. കെ.പി.കെയും ഞാനും തലശ്ശേരിയിൽ ഒരുമിച്ചാണ് താമസിച്ചിരുന്നത്.

രണ്ടു വർഷം ഞാൻ പുളിക്കൽ 'അധ്യാപക വിദ്യാർഥി'യായി ജീവിച്ചു. കുട്ടികളെ പഠിപ്പിക്കണം. എനിക്ക് പഠിക്കുകയും വേണം. കൂട്ടത്തിൽ ക്ലർക്കിന്റെ ജോലിയുമുണ്ടായിരുന്നു. റേഷൻ കണക്കുകൾ എഴുതുകയായിരുന്നു കാര്യമായ ജോലി. ജോലിക്ക് ശമ്പളം തന്നിരുന്നു. ഭാരിച്ച ഉത്തരവാദിത്വമാണ് എനിക്ക് മദീനത്തിൽ ഉണ്ടായിരുന്നത്. ഖുർആനും ഹദീസും നഹ്വുമെല്ലാം സ്വയം പഠിക്കണം. കുട്ടികളെ പഠിപ്പിക്കാനുള്ള വിഷയങ്ങൾ റഫർ ചെയ്ത് തയാറെടുക്കണം. പിന്നെ കണക്കുകൾ എഴുതണം. ഇതെല്ലാം കഴിഞ്ഞ് ഉറങ്ങാൻ കിടക്കുമ്പോൾ രാത്രി പന്ത്രണ്ട് മണിയാകും. അങ്ങനെ അധ്യാപകവിദ്യാർഥിയായി രണ്ട് വർഷം ഞാൻ പുളിക്കൽ മദീനത്തുൽ ഉലൂമിൽ കഴിഞ്ഞു.

## കെ.പി മുഹമ്മദ് മൗലവിയും അൻസ്വാറുല്ല സംഘവും

മദീനത്തുൽ ഉലൂമിൽ ഖുർആൻ പഠിപ്പിച്ചിരുന്നത് കെ.പി മുഹമ്മദ് മൗലവിയായിരുന്നു. ഖുർആനിലെ ഇബാദത്തിന്റെ അർഥവും വിശദീകരണവും ജമാഅത്തെ ഇസ്‌ലാമി പറയുന്നതാണ് ശരിയെന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ജമാഅത്തുമായി എന്നെ അടുപ്പിക്കുന്നതിൽ അദ്ദേഹം വലിയ പങ്കുവഹിച്ചിട്ടുണ്ട്. തിരൂരിനടുത്ത വളവന്നൂർ അൻസ്വാറുല്ല സംഘത്തിന്റെ പ്രസിഡന്റായിരുന്നു അദ്ദേഹം. അന്ന് സംഘവുമായി ബന്ധപ്പെട്ട ഒരു തെരഞ്ഞെടുപ്പ് വിവാദമുണ്ടായി. 'അൻസ്വാറുല്ല സംഘവും തെരഞ്ഞെടുപ്പും' എന്ന പേരിൽ ഒരു ലഘുലേഖ പുറത്തിറക്കിയിരുന്നു. 1952 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാതെ വിട്ടുനിൽക്കാനായിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ തീരുമാനം. കെ.പി മുഹമ്മദ് മൗലവിയുടെ നേതൃത്വത്തിലുള്ള അൻസ്വാറുല്ല സംഘത്തിന്റെ നയവും ഇതുതന്നെയായിരുന്നു. 'ആസന്നമായ പൊതു തെരഞ്ഞെടുപ്പിൽനിന്ന് തികച്ചും വിട്ടുനിന്നുകൊണ്ട് പരിപൂർണവും സമാധാനദായകവുമായ ഇസ്‌ലാമിക പ്രബോധനത്തിൽ നിരതരാവുകയാണ് വേണ്ടതെന്ന് അതിൽ ആഹ്വാനം ചെയ്തിരുന്നു. ഇന്ന് വോട്ടു ചോദിക്കുന്ന വിവിധ കക്ഷികളുടെ ആദർശങ്ങളും ഇസ്‌ലാമും തമ്മിലുള്ള വൈരുധ്യത്തെ സംക്ഷിപ്തമായി തുറന്നുകാണിക്കുന്ന ലഘുലേഖ, നിരീശ്വര-നിർമത തത്ത്വങ്ങളിൽ അധിഷ്ഠിതമായ മാർക്സിസത്തിന് വേണ്ടി നിലകൊള്ളുന്ന സോഷ്യലിസ്റ്റ്-കമ്യൂണിസ്റ്റ് പാർട്ടികൾക്കോ, തനി വർഗീയാടിസ്ഥാനത്തിലുള്ള ലീഗിനോ, ദേശീയത്വത്തിലും ഭൗതികത്വത്തിലും വിശ്വസിക്കുന്ന കോൺഗ്രസ്സാദി കക്ഷികൾക്കോ വോട്ടു കൊടുക്കാൻ പാടില്ലെന്നും അതിനാൽ തെരഞ്ഞെടുപ്പിൽനിന്ന് തീരെ ഒഴിഞ്ഞുനിൽക്കുകയാണ് വേണ്ടതെന്നും സമർഥിക്കുന്നതായിരുന്നു. "അൻസ്വാറുല്ലയുടെ ധീരവും തനി ഇസ്‌ലാമികവുമായ ഈ തീരുമാനത്തെ ഞങ്ങൾ ഹാർദമായി അഭിനന്ദിക്കുകയും സത്യന്വേഷികളായ ഏവരും ലഘുലേഖ വാങ്ങി വായിച്ചു നോക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു" എന്ന് പ്രബോധനം പ്രതിപക്ഷപത്രത്തിലെ (പുസ്തകം 4, ലക്കം 8, പേജ് 166) 'പുസ്തകാഭിപ്രായ'ത്തിൽ എഴുതിയിരുന്നു.

കെ.പി മുഹമ്മദ് മൗലവി സലഫി ആശയക്കാരനായിരുന്നെങ്കിലും അന്ന് തീവ്ര മുജാഹിദുകാരനായിരുന്നില്ല. പുളിക്കൽ മദീനത്തുൽ ഉലൂം വിട്ട് അരിക്കോട് സുല്ലമുസ്സലാമിൽ ചേർന്ന ശേഷമാണ് അദ്ദേഹം തീവ്ര മുജാഹിദായതും ജമാഅത്തിനെ

വിമർശിക്കാൻ ആരംഭിച്ചതും. മുജാഹിദ് പണ്ഡിതനായിരുന്ന ശൈഖ് മുഹമ്മദ് മൗലവിയും ആദ്യകാലത്ത് ജമാഅത്തിനെ അനുകൂലിച്ചിരുന്നു. ഇസ്ഹാഖലി മൗലവിയോടൊപ്പം അദ്ദേഹം ജമാഅത്ത് സാഹിത്യങ്ങൾ പ്രചരിപ്പിച്ചിരുന്നതായി ഇസ്ഹാഖലി മൗലവി പറഞ്ഞിരുന്നു. മുജാഹിദ് സംഘടനക്കകത്തെ ചില ആഭ്യന്തര പ്രശ്നങ്ങളാണ് അവരിൽ പലരെയും ജമാഅത്ത് അനുകൂലികളാക്കിയത്. ■

(തുടരും)

sadarvzkd@yahoo.co.in